V ചോദ്യങ്ങൾക്കുള്ള ഉത്തരം യഥാസമയം ലഭ്യമാക്കൽ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : സർ, നമ്മുടെ നിയമസഭയുടെ നടപടികളിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗമാണ് ചോദ്യോത്തരവേള. ഈ സഭയുടെ ഒന്നാം സമ്മേളനം മുതൽ ആറാം സമ്മേളനം വരെയുള്ള ഈ കാലയളവിൽ ഏതാണ്ട് 25,624 ചോദ്യങ്ങളുണ്ടായിരുന്നു. അതിൽ 1,378 അൺസ്റ്റാർഡ് ചോദ്യങ്ങൾക്ക് ഇതേവരെ മറുപടി കിട്ടിയിട്ടില്ല. മറുപടി കിട്ടിയില്ല എന്നുമാത്രമല്ല, ഒന്നാം സമ്മേളനത്തിൽ ഞാൻ കൊടുത്ത 5 ചോദ്യങ്ങൾക്ക് യഥാർത്ഥത്തിൽ ഡിപ്പാർട്ടുമെന്റിലെ സെക്രട്ടറിക്ക് മറുപടി നൽകാൻ പറ്റുന്നതാണ്. ഞാൻ അത് ഓഫീസിൽ പരിശോധിച്ചു നോക്കി. നയപരമായ കാര്യങ്ങൾക്ക് മന്ത്രിമാർക്ക് തന്നെ മറുപടി പറയാൻ പറ്റും. ഇപ്പോൾ തീരദേശ സംരക്ഷണസേന ഗവൺമെന്റ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ.....

മി. സ്പീക്കർ : ഡീറ്റെയിൽസിലേക്കൊന്നും പോകണ്ട. ചോദ്യങ്ങൾക്ക് മറുപടി കിട്ടുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മന്ത്രിമാരെ ഒന്ന് ഡയറക്ട് ചെയ്യണം. ചോദ്യങ്ങൾക്ക് മറുപടി തരണം.

ശ്രീ. എം. വി. ജയരാജൻ : ഇതിൽ ഗൗരവമായ വിഷയം തപാൽ വഴി പിന്നീട് മറുപടി അയയ്ക്കുകയാണ്. അങ്ങനെ തപാൽ വഴി അയയ്ക്കുന്ന മറുപടിയുടെ ഒരു കോപ്പി ലെജിസ്ലേച്ചറിലേക്ക് അയയ്ക്കും. അത് നിയമസഭയുടെ രേഖകളിലൊന്നും കാണില്ല. ഈ ഉത്തരങ്ങൾ നിയമസഭാ നടപടികളുടെ ഭാഗമായി മാറേണ്ടതാണ്. നിയമസഭയുടെ തന്നെ വിലപ്പെട്ട ഒരു രേഖയാണ് ചോദ്യോത്തരങ്ങൾ. അംഗങ്ങളുടെ അവകാശങ്ങൾ തന്നെ നിഷേധിക്കുന്ന ഒരു നടപടിയാണ് ഇത് എന്നതുകൊണ്ട് ഇത് അങ്ങ് അതീവ ഗൗരവമായി കണക്കിലെടുക്കണം. അതിനനുസരിച്ച് ഗവൺമെന്റിന്റെ പക്ഷത്തുനിന്നും നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച പ്രശ്നത്തിന്റെ ഗൗരവം ഗവൺമെന്റ് ഉൾക്കൊള്ളുന്നു. ബഹുമാനപ്പെട്ട സ്പീക്കറുടെ തീരുമാനം ഗവൺമെന്റ് പൂർണ്ണമായിട്ട് അംഗീകരിക്കുന്നു. ചോദ്യങ്ങൾക്കുള്ള

10.00 A. M.] മറുപടി സമയത്ത് കൊടുക്കാൻ കഴിയുന്നത്ര ശ്രമിക്കുന്നുണ്ട്. ഈ ആഴ്ച തന്നെ, തിങ്കളാഴ്ച എനിക്ക് 146 ചോദ്യങ്ങൾ ഉണ്ടായിരുന്നു. രണ്ടു ചോദ്യമൊഴികെ 144 എണ്ണത്തിനും മറുപടി കൊടുത്തു. ഇത്രയും നമ്പർ ഉണ്ടായിരുന്നിട്ടും രണ്ടെണ്ണം ഒഴിച്ച് 144 എണ്ണത്തിനും മറുപടി കൊടുത്തു. തീർച്ചയായും എല്ലാ കാര്യവും, എല്ലാ മന്ത്രിമാരും സമയത്തിന് മറുപടി കൊടുക്കണം. ഏതെങ്കിലും ഒന്നോ രണ്ടോ വിട്ടുപോയിട്ടുണ്ടെങ്കിൽ ആ ആഴ്ചയിൽത്തന്നെ മറുപടി കൊടുക്കണമെന്ന് ഗവൺമെന്റ് കർശനമായി നിർദ്ദേശം നൽകുന്നതാണ്.